പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3710 24.06.2014-ൽ മറുപടിയ്ക്ക്

## കാവാലം സബ്സ്റ്റേഷൻ

ചോദ്യം

ശ്രീ. തോമസ് ചാണ്ടി :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് 0.874 ഹെക്ടർ സ്ഥലം വാങ്ങുന്നതിന് 17-06-2008-ൽ ഉത്തരവായെങ്കിലും നാളിതുവരെ സ്ഥലം വാങ്ങുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയ 0.874 ഹെക്ടർ സ്ഥലം നെഗോഷിയേറ്റഡ് പർച്ചേയ്സ് പ്രകാരം വാങ്ങാനായി 17.06.2008 ൽ സർക്കാർ ഉത്തരവായിരുന്നു. എന്നാൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് ടി സ്ഥലം നികത്താൻ പാടില്ല എന്ന് ആലപ്പുഴ ജില്ലാ കളക്ടർ 27.01.2011 ൽ അറിയിച്ചതിനെ തുടർന്ന് 66 KV ലൈനിനു സമീപം അനുയോജ്യമായ സ്ഥലം കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. തുടർന്ന് 110 KV പള്ളം-പുന്നപ്ര ലൈനിൽ നിന്നും ടാപ്പ് ചെയ്ത് ഒരു 110 KV സബ്സ്റ്റേഷൻ കാവാലത്ത് നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സാധ്യതാ പഠനവും നടത്തിയെങ്കിലും 11 KV വിതരണ ലൈനുകൾ വളരെ ദൂരത്തിൽ വലിക്കേണ്ടി വരുന്നതുകൊണ്ട് ഈ ശ്രമം ഉപേക്ഷിച്ചു. പിന്നീട്, നീലംപേരൂരിൽ അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്.

(ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണം പൊതു ആവശ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നിന്ന് ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ബി) ബാധകമല്ല.

സെക്ഷൻ ഓഫീസർ.